## ALL SAINTS PUBLIC SCHOOL CHAYAM

### FIRST TERM EXAMINATION - (2024-25)

**Class:XI.** മലയാളം

**Marks;80.** **Time :3hrs**

### SECTION A / എ വിഭാഗം

**1. a) തന്നിരിക്കുന്ന ഗദ്യ ഭാഗം വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ശരി ഉത്തരം എഴുതുക (10x1=10 )**

സാങ്കേതികമായ പ്രവചനങ്ങളുടെ കാലമാണ് ആഗോളവൽക്കരണത്തിലൂടെ സംജാതമായത്. വിവരസാങ്കേതികവിദ്യകളുടെ അനിതര സാധാരണമായ വികാസം ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കി. ക്രമബദ്ധതകൾ എല്ലാം ഇതോടെ തകർന്നു . ഈ ശിഥില യാഥാർത്ഥ്യങ്ങളിലേക്ക് വ്യക്തികൾ വലിച്ചിഴയ്ക്കപ്പെട്ടതോടെ അവരുടെ ദേശീയതകളും തകർന്നു . മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ വിപത്തുകളിൽ ഒന്നാണ്. വിപണിയെ ആശ്രയിച്ചു കഴിയുന്ന ആഗോളവൽക്കരണ സമൂഹത്തിൽ സംസ്കാരത്തിന്റെ പൊള്ളയായ ആചരണങ്ങൾ മാത്രമാണ് കാണുന്നത്. അവികലമായ സാംസ്കാരിക ലാവണ്യബോധം വിപണിയുടെ ഭാഗമായിത്തീർന്നു. ആഗോളവൽക്കരണം മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റി. ഓരോരുത്തരുടെയും ജീവിതത്തിനുമേൽ അവനവൻറെ പരിധിയിൽ ഒതുങ്ങാത്ത ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദമുണ്ട്. അതുകൊണ്ട് എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമാണ്. മൂല്യങ്ങൾ അകലുമ്പോൾ പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നു. മനുഷ്യന് തന്നിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം . അദൃശ്യരായ വേട്ടക്കാരാൽ വേട്ടയാടപ്പെടുന്ന ഇരകളായി നാം മാറുന്നു. ചെറിയ ഭീതികളിൽ നിന്ന് വലിയ ദുരന്തങ്ങളിലേക്ക് ഒരു സമൂഹം വലിച്ചിഴയ്ക്കപ്പെടുന്നത് ആശാവഹമായ പരിണാമം അല്ല .

ചോദ്യങ്ങൾ

(a)എപ്പോഴാണ് പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നത് ?

( ദുരന്തങ്ങൾഉണ്ടാകുമ്പോൾ,ഭയം ഉണ്ടാകുമ്പോൾ /മൂല്യങ്ങൾ അകലുമ്പോൾ)

b) ഏറ്റവും വലിയ ദുരന്തം എന്താണ്?

(മനുഷ്യന് തന്നിലുള്ള കടിഞ്ഞാൽ നഷ്ടപ്പെടുന്നു,വേട്ടക്കാരൻ റെ ഇരകളായി മാറുന്നു,അധികാരവും പണവും മേൽക്കോയ്മ സ്ഥാപിക്കുന്നു)

c)ആഗോളവൽക്കരണത്തിലൂടെ സംജാതമായത് എന്ത് ?

(ശിഥിലമായ യാഥാർത്ഥ്യങ്ങളുടെ കാലം,സാങ്കേതികമായ പ്രവചനങ്ങളുടെ കാലം,മൂല്യശോഷണം)

d)എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമായി തീരാൻ കാരണമെന്താണ് ?

(ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദം,ആഗ്രഹമില്ലായ്മ,ആഗോളവൽക്കരണം)

e)ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ ഒരു വിപത്ത് എന്താണ് ?

(സമ്പത്തിന്റെ വർദ്ധനവ്,വ്യവസായ പുരോഗതി,സംസ്കാരത്തിൻറെ തിരോധാനം)

f)ആഗോളവൽക്കൃത സമൂഹം ആരെ ആശ്രയിച്ചാണ് കഴിയുന്നത് ?

(വിപണിയെ,സംസ്കാരത്തെ,മൂല്യങ്ങളെ)

g )ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കിയത് എന്ത് ?

(വിവരസാങ്കേതികവിദ്യയുടെ വികാസം,വ്യവസായ പുരോഗതി,വിദ്യാഭ്യാസ പുരോഗതി)

h) ശിഥില യാഥാർത്ഥ്യങ്ങളിലേക്ക് വലിച്ചിഴയ്ക്കപ്പെട്ടപ്പോൾ തകർന്നത് എന്ത് ?

( ജീവിതം, ദേശീയത,സംസ്കാരം)

i)വിപണിയുടെ ഭാഗമായി തീർന്നത് എന്ത് ?

(വികലമായ സാംസ്കാരിക ലാവണ്യ ബോധം,അവികലമായ സാംസ്കാരിക ലാവണ്യ ബോധം, മൂല്യശോഷണം)

j)ആഗോളവൽക്കരണം മനുഷ്യനെ എന്താക്കി മാറ്റി ?

(ആവശ്യങ്ങളുടെ ഖനി ,മൂല്യബോധമുള്ള തലമുറ,സാംസ്കാരികമായപുരോഗതി)

II. ശരിയുത്തരം തെരെഞ്ഞെടുത്ത് എഴുതുക (10 x 1-10)

1. സന്ദർശനം എന്ന കവിതയിൽ 'മിഴികൾനഷ്ടപ്പെടുത്തുക ' എന്നതുകൊണ്ട് കവി അർത്ഥമാക്കുന്നത് എന്ത്?

(പരസ്പരം കണ്ണുകളിൽ നോക്കിയിരിക്കുക, സന്ധ്യആയതുകൊണ്ട് ഒന്നും കാണാൻ കഴിയുന്നില്ല ,വാക്കുകൾ കൊണ്ട് വിവരിക്കാനാകാത്ത ഭാവം പരസ്പരം ഉൾക്കൊള്ളുന്നു)

2.'സന്ദർശനം' എന്ന കവിത എഴുതിയത് ആര്?

(ചങ്ങമ്പുഴ ,വൈലോപ്പിള്ളി ശ്രീധരമേനോൻ ,ബാലചന്ദ്രൻ

ചുള്ളിക്കാട്)

3."തൊണ്ടയിൽ പിടയുകയാണൊരേകാന്ത രോദനം " ഇവിടെ ഏകാന്തമായി പിടയുന്നത് ആര്?

(കവി ,കാമുകി, പ്രകൃതി)

4.'മൗനം കുടിച്ചിരിക്കുക' എന്ന പ്രയോഗം കൊണ്ട് അർത്ഥമാക്കുന്നത് എന്ത് ?

(വാചാലത, നിശബ്ദത,മരണം)

5.ബാലചന്ദ്രൻ ചുള്ളിക്കാടിന്റെതല്ലാത്ത കൃതി ഏത്?

.(അമാവാസി, എവിടെ ജോൺ, കുടിയൊഴിക്കൽ)

6.ജീവിതം പൊലിഞ്ഞു പോകുന്നത് എന്ത് പോലെയാണ്?

(പകൽ വെളിച്ചം പോലെ, സംഗീതമുള്ള നിശ്വാസം പോലെ , കിളികൾ പറന്നു പോകുന്നതുപോലെ)

7.രോദനം- എന്ന പദത്തിൻറെ അർത്ഥം എന്ത് ?

(വ്യത്യാസം, കരച്ചിൽ,ദുഃഖം)

8.'സന്ദർശനം' എന്ന കവിതയിലെ മുഖ്യഭാവം എന്ത് ?

(പ്രണയം ,മാതൃത്വം, മരണം)

9 .വൃദ്ധയുടെ മൂന്നാമത്തെ കഥ ഏത്?

(ദുർമുഖം,സുഖമരണം,ദുർമരണം)

10.മത്സ്യം എന്ന കവിത ഏത് കൃതിയിൽ നിന്ന് എടുത്തിട്ടുള്ളതാണ് ?

(രാഷ്ട്രതന്ത്രം, അമാവാസി, വാതിൽ)

III ശരിയുത്തരം തെരെഞ്ഞെടുത്ത് എഴുതുക(5 x 2-10)

1. a.വിശ്രമവേളകളെ ഉല്ലാസഭരിതമാക്കുന്ന വിനോദ വിഭവങ്ങൾ എന്ന് വിശേഷിപ്പിക്കുന്നത് ഏതുതരം സിനിമകളെയാണ് ?

(അവാർഡ് സിനിമ,ജനപ്രിയ സിനിമ,കുട്ടികൾക്ക് വേണ്ടിയുള്ള സിനിമ)

b.ഈ അഭിപ്രായം സമ്മതിക്കുന്നത് ആര് ?

(അഭിനേതാക്കൾ,പ്രേക്ഷകർ,നിർമ്മാതാക്കൾ)

2a." മത്സ്യത്തോളം ചെറുതാകാൻ കഴിയാത്തതാർക്ക് ?
(ചൂണ്ടക്കൊളുത്തുകൾക്ക് പരുന്തുകൾക്ക് വലക്കണ്ണികൾക്ക്)
b.മത്സ്യം എന്ന കവിത എഴുതിയത് ആര്?
(ടി പി രാജീവൻ,ബാലചന്ദ്രൻ ചുള്ളിക്കാട്,വൈലോപ്പിള്ളി ശ്രീധരമേനോൻ)

3 a"സന്ദർശനം എന്ന കവിതയിൽ കാമുകിയുടെ കൈവിരലുകളെ എന്തിനോടാണ് സാദൃശ്യപ്പെടുത്തിയിരിക്കുന്നത് ?

(പൊൻ ചെമ്പകം, കനക മൈലാഞ്ചി ,ചിദംബര സന്ധ്യ)

b.കാമുകിയുടെ പ്രണയാർദ്രമായ കണ്ണുകളെ കവി എങ്ങനെയാണ് വിശേഷിപ്പിക്കുന്നത് ?

(പൊൻ ചെമ്പകം കൃഷ്ണ കാന്തം സ്മരണതൻ ദൂരസാഗരം)

4."അൽപ്പരാമെങ്ങടെ തുച്ഛവാടികളിലും കൽപ്പനാ സൂനങ്ങൾ തൻ സൗരഭ്യം "

a.ആരാണ് ഈ കവിത എഴുതിയത്?

(വൃദ്ധ പെൺകുട്ടി കെ ആർ മീര)

b. ആരുടെ ആവശ്യപ്രകാരമാണ് കവിത എഴുതിയത്?

(വള്ളത്തോളിൻറ്റെ പെൺകുട്ടിയുടെ വല്യമ്മാമ്മയുടെ)

5 a." സമകാലികമായ ഒരു സംഭവത്തെ അതേപടി രേഖപ്പെടുത്തുന്നത് എന്ത്?

(സീരിയൽ ,ഡോക്യുമെൻററി, സിനിമ)

b.ഏത് ലേഖനത്തിലെ പരാമർശമാണിത് ?

(സിനിമയുംജീവിതവും,സിനിമയും സാഹിത്യവും,സിനിമയും സമൂഹവും)

ബി വിഭാഗം

I . പ്രയോഗം മാറ്റുക (2x1-2)

a.വൃദ്ധ വള്ളത്തോളിൻറ്റെ കരങ്ങൾ പതിഞ്ഞ സ്വന്തം തലയിൽ അരുമയായി തഴുകി.

b ഷെൽഫിൻ്റെ അരികിലെ കസേരയിലിരുന്ന് വൃദ്ധ ബുക്കുകൾ ഓരോന്നും എടുത്ത് ശ്രദ്ധാപൂർവ്വം മറിച്ചുനോക്കി..

II.അംഗ- അംഗി വാക്യങ്ങൾ തിരിച്ചെഴുതുക (2)

a . ആത്മാർത്ഥ സുഹൃത്തായിരുന്നു ഇടപ്പള്ളിയുടെ മരണത്തിൽ മനംനൊന്ത് ചങ്ങമ്പുഴ രമണൻ എന്ന കാവ്യം രചിച്ചു.

III വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക(2 X 1- 2)

a.ആകാശത്തിന്റെ ഇരുട്ടിൽ അകലെ ദൂരെ എവിടെയോ വിടരുന്ന പുലരിയുടെ സൂചന.

b.ഭൂരിപക്ഷം കൂടുതൽ പ്രേക്ഷകർക്കും ജനപ്രിയ സിനിമകൾ ആസ്വാദ്യം ആകുന്നു.

IV. അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കുക

(2X1-2)

a. വൃദ്ധ അടഞ്ഞു തുടങ്ങിയ കണ്ണുകൾ വലിച്ചു തുറന്നു.
b. പെൺകുട്ടി ആകാംക്ഷയോടെ നോക്കി.

V.ഏതങ്കെിലും രണ്ട് വാക്ക് ഉപയോഗിച്ച് വാക്യം എഴുതുക (2x1-2)

a.ആകർഷണീയം b. പ്രവണത c. നിദാനം

VI താഴത്തെനിരിക്കുന്ന ഏതങ്കെിലും ഒരു വിഷയത്തക്കെുറിച്ച് ഒന്നര പുറത്തിൽ കവിയാതെ ഉപന്യസിക്കുക.(5 x 1-5)

a.ആധുനിക സാങ്കേതികവിദ്യ വിദ്യാഭ്യാസത്തിൽ ചെലുത്തുന്ന സ്വാധീനം

b. വിദ്യാലയങ്ങളിൽ പാഠ്യേതര പ്രവർത്തനങ്ങൾക്കുള്ള പ്രാധാന്യം

VII.പത്രവാർത്ത തയ്യാറാക്കുക. (5)

a റോഡുകളിൽ മാലിന്യങ്ങൾ വലിച്ചെറിയുന്നത് ആയി ബന്ധപ്പെട്ട പത്രവാർത്ത തയ്യാറാക്കുക..

VIII. കത്ത് തയ്യാറാക്കുക(5)

സംസ്ഥാനത്തെ ആശുപത്രികളിൽ ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യത ഉറപ്പുവരുത്തണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് ആരോഗ്യവകുപ്പ് മന്ത്രിക്ക് കത്തെഴുതുക.

## SECTION C / സി വിഭാഗം

**I.a)** താഴക്കെകാടുത്തിരിക്കുന്ന **ചോദ്യങ്ങളിൽ** ഏതങ്കെിലും **ഏതെങ്കിലും അഞ്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. (5x 3=15)**

**1. ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ നിന്നും സ്ത്രീ സ്വാതന്ത്ര്യത്തെ നിഷേധിക്കുന്ന ഏതെങ്കിലും രണ്ട് സന്ദർഭങ്ങൾ എഴുതുക.**

2.നഗര ജീവിതത്തിലെ എന്തൊക്കെ സൂചനകളാണ് സന്ദർശനം എന്ന കവിതയിൽ കണ്ടെത്താൻ കഴിയുന്നത്?

3.ജനപ്രിയ സിനിമകളുടെ നാടകീയതയ്ക്ക് നിധാനം എന്ത്?

4."പിന്നിൽ തന്നെക്കാൾ വേഗത്തിൽ കടൽ ദഹിച്ചു ദഹിച്ചു വരുന്നത് അറിയാതെ " - ഈ വരികളുടെ ആശയം വ്യക്തമാക്കുക.

5.ജനപ്രിയ സിനിമകൾ ഉത്തമ കലാസൃഷ്ടികൾ അല്ലെന്ന് പറയുവാൻ കാരണം എന്ത് ?

6.എന്താണ് മിത്തുകൾ?ജനപ്രിയ സിനിമകളിൽ മിത്തുകൾക്കുള്ള പ്രാധാന്യം എന്ത് ?

7.ജനപ്രിയ സിനിമകളുടെ പ്രത്യേകത എന്ത് ?

II.ഏതെങ്കിലും ഒരു ചോദ്യത്തിന് ഉത്തരം എഴുതുക. (5x 1-5)

a.സിനിമകളുടെ ജനപ്രിയതക്ക് അടിസ്ഥാനം എന്ത് ? വിവരിക്കുക

b. സന്ദർശനം എന്ന കവിതയ്ക്ക് ആസ്വാദനം തയ്യാറാക്കുക

III.ഏതെങ്കിലും ഒരു ചോദ്യത്തിന് വിവരണം തയ്യാറാക്കുക (5)

a. കെ. കേളപ്പൻ
b. പി.എൻ പണിക്കർ